പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1760 25.03.2013 ൽ മറുപടിയ്ക്ക്

## നദീജല കരാറുകൾ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായി കേരളം ഒപ്പുവച്ചിട്ടുള്ള നദീജല കരാറുകൾ ഏതെല്ലാമാണ് എന്നറിയിക്കുമോ; | (എ) | കേരളവും തമിഴ്നാടുമായി നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നു കരാറുകൾ നിലവിലുണ്ട്. 29.05.1970-ൽ കേരളവും തമിഴ്നാടുമായി 09.11.1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം- ആളിയാർ പദ്ധതി (PAP) കരാർ, 1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ളകരാർ, 1886-ൽ തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് മദ്രാസും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ എന്നിവയാണ് പ്രസ്തുത കരാറുകൾ. കർണ്ണാടകയുമായി നിലവിൽ നദീജല കരാറുകൾ ഒന്നുമില്ല. |
| (ബി) പ്രസ്തുത കരാറുകൾ പ്രകാരം സംസ്ഥാനത്തിന് എത്ര ടി.എം.സി ജലമാണ് ലഭിക്കേണ്ടത്; | (ബി) | PAP കരാർ പ്രകാരം കേരളത്തിന് ഒരു ജലവർഷം (ജൂലായ് 1 മുതൽ ജൂൺ 30 വരെ) ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 7.25 Tmcft ജലവും, ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 Tmcft ജലവും, പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും, ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 Tmcft -ൽ അധികമായി വരുന്ന 2.5 Tmcft ജലം കേരളത്തിലെ ചിറ്റൂർ പുഴ പദ്ധതിപ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 5 Cusecs ജലം കേരളത്തിന്റെ കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിന് വേണ്ടി ലഭിക്കേണ്ടതാണ്. |

| | | |
|---|---|---|
| (സി) പ്രസ്തുത ജലം എന്നുമുതൽക്കാണ് ലഭിക്കേണ്ടത്; | (സി) | പി.എ.പി കരാർ പ്രകാരം 1970 മുതലും ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരമുള്ള ജലം പ്രോജക്ട് കമ്മീഷൻ ചെയ്തതു മുതലും ആണ് കേരളത്തിന് ലഭിക്കേണ്ടത്. |
| (ഡി) പ്രസ്തുത കരാറുകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ഡി) | പി.എ.പി കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. കൂടാതെ കരാർ പ്രകാരമുള്ള ജലം പൂർണ്ണമായി ലഭ്യമാക്കുവാൻ കേരളം തമിഴ്നാട് സർക്കാരിനോട് ഔദ്യോഗിക തലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രി തലത്തിലും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങൾ-ക്കെതിരായി ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികളും എടുത്തുവരുന്നു. കൂടാതെ പ്രശ്ന പരിഹാരത്തിനായി ഇരു സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ തമ്മിലുള്ള ചർച്ചകൾക്കുള്ള സാധ്യതയും ആരാഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**